# എൻയുഎൽഎം – FAQ

(1) എന്താണ് റിസോഴ്സ് ഓർഗനൈസേഷൻ (RO) ?

ദേശീയ നഗരഉപജീവന മിഷൻ പദ്ധതിയുടെ ഭാഗമായി നഗരദരിദ്രരെ ഉൾപ്പെടുത്തികൊണ്ട് പുതിയ അയൽക്കൂട്ടങ്ങൾ രൂപീകരിക്കൽ, ശാക്തീകരിക്കൽ, സാമ്പത്തിക സാക്ഷര പരിപാടികൾ ആസൂത്രണം ചെയ്യൽ, വിവിധ ഇൻഷറൻസ് പദ്ധതികളിൽ അംഗങ്ങളാക്കുക, 24 മാസം അയൽക്കൂട്ടങ്ങൾക്കുവേണ്ട കൈതാങ്ങ് എന്നിവ നൽകുന്നതിനുവേണ്ടി ചുമതലപ്പെടുത്തിയിരിക്കുന്ന സ്ഥാപനങ്ങളാണ് റിസോഴ്സ് ഓർഗനൈസേഷൻ.

(2) കേരളത്തിൽ ദേശീയ നഗരഉപജീവന മിഷൻ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി RO ആയി ചുമതലപ്പെടുത്തിയിരിക്കുന്നത് ആരെയാണ്?

കേരളത്തിൽ കുടുംബശ്രീ സിഡിഎസ്സുകളെയാണ് ടി പ്രവർത്തനങ്ങൾ നടത്തുന്നതിനായി RO ആയി ചുമതലപ്പെടുത്തിയിരിക്കുന്നത്. കേരളത്തിലെ 93 നഗരസഭകളിലേയും സിഡിഎസുകളെയും RO ആയി ചുമതലപ്പെടുത്തിയിട്ടുണ്ട്.

(3) സംസ്ഥാനത്തിന്റെയും നഗരസഭകളുടെയും എൻയുഎൽഎം വാർഷിക ടാർഗറ്റ് നിശ്ചയിക്കുന്നത് ആരാണ്.

സംസ്ഥാനത്തിന്റെ ടാർഗറ്റ് കേന്ദ്ര മിഷനും നഗരസഭകളുടേത് എൻയുഎൽഎം സംസ്ഥാന മിഷനുമാണ് നിശ്ചയിക്കുന്നത്.

(4) എന്താണ് അയൽക്കൂട്ടം ?

നഗരസഭയിലെ ഒരു പ്രദേശത്തുള്ള കുടുംബങ്ങളിലെ 10 മുതൽ 20 വരെ സ്ത്രീകൾ അംഗങ്ങളായി രൂപീകരിക്കുന്ന കൂട്ടായ്മയാണ് കുടുംബശ്രീ അയൽക്കൂട്ടം. ഒരു അയൽക്കൂട്ട പരിധിയിലെ കുടുംബത്തിൽ നിന്നും 18-വയസ്സ് തികഞ്ഞ ഒരു വനിതയ്ക്കാണ് അംഗത്വം നൽകുന്നത്. അയൽക്കൂട്ട പരിധിയിൽ വരുന്ന എല്ലാ ദരിദ്ര കുടുംബങ്ങളെയും അംഗങ്ങളാക്കണം. എൻയുഎൽഎം മാർഗ്ഗരേഖ പ്രകാരം 70% അംഗങ്ങളെങ്കിലും നഗര ദരിദ്ര കുടുംബങ്ങളിൽപ്പെട്ടവരായിരിക്കണം.

(5) എൻയുഎൽഎം പദ്ധതി പ്രകാരം അയൽക്കൂട്ടങ്ങൾക്ക് പരിശീലനം നൽകുന്നത് ഏതു രീതിയിലാണ്.

എൻയുഎൽഎം പദ്ധതിയുടെ ഭാഗമായി ചുമതലപ്പെടുത്തിയിരിക്കുന്ന ആർഒ-യുടെ നേതൃത്വത്തിൽ കുടുംബശ്രീ പരിശീലന ഗ്രൂപ്പുകളും എൻയുഎൽഎം സിറ്റി മിഷൻ മാനേജ്മെന്റ് യൂണിറ്റ് അംഗങ്ങളും ചേർന്നാണ് അയൽക്കൂട്ടാംഗങ്ങൾക്ക് പരിശീലനം നൽകുന്നത്.

(6) എന്താണ് ഏര്യ ഡവല്പമെന്റ് സൊസൈറ്റി അഥവാ എഡിഎസ്?

നഗരസഭയിലെ ഒരു വാർഡിൽ രൂപീകരിച്ചിട്ടുള്ള കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ സംയുക്തമാക്കി (ഫെഡറേറ്റ്) രൂപീകരിക്കുന്ന സമിതിയാണ് എഡിഎസ്. ഒരു വർഡിൽ ഒരു അയൽക്കൂട്ടം മാത്രമുണ്ടെങ്കിലും എഡിഎസ് രൂപീകരിക്കാവുന്നതാണ്. ഒന്നിലധികം വാർഡുകൾ ചേർന്ന് എഡിഎസ് രൂപീകരിക്കാൻ പാടുള്ളതല്ല.

(7) എന്താണ് സിഡിഎസ് (സാമൂഹ്യ സംഘടനാ സംവിധാനം) ?

കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ മുകൾ തട്ട്. നഗരസഭാ തലത്തിലെ കുടുംബശ്രീ സംഘടനാ സംവിധാനം. വാർഡ് തല എഡിഎസ്സുകളെ ഫെഡറേറ്റ് ചെയ്താണ് സിഡിഎസിന് രൂപം നൽകിയിരിക്കുന്നത്.

(8) സാമ്പത്തിക സാക്ഷരതാ ക്യാമ്പുകൾ എന്താണ്?

എൻയുഎൽഎം പദ്ധതി പ്രകാരം ചുമതലപ്പെടുത്തി ആർ.ഒ-കൾ ബാങ്കുകളുടെ സഹകരണത്തോടെ അയൽക്കൂട്ട അംഗങ്ങൾക്കുവേണ്ടി സംഘടിപ്പിക്കുന്ന ക്യാമ്പുകളാണ് ഇവ. ബാങ്ക് ഇടപാടുകളെക്കുറിച്ചും, ലഘു നിക്ഷേപ-വായ്പ പരിപാടികളെക്കുറിച്ചും അവബോധം സൃഷ്ടിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇതുമായി ബന്ധപ്പെട്ട് വിവിധ ഇൻഷുറൻസ് പദ്ധതികളെക്കുറിച്ചും അറിവ് നൽകുന്നു. അതുപോലെ ബാങ്ക് അക്കൗണ്ട് ഇല്ലാത്ത അംഗങ്ങൾക്ക് ബാങ്ക് അക്കൗണ്ട് തുറക്കുന്നതിനായി വേണ്ട സഹായങ്ങൾ നൽകുന്നു.

(9) എന്താണ് റിവോൾവിംഗ് ഫണ്ട് (ആർ.എഫ്)?

അയൽക്കൂട്ടങ്ങളുടെ മിതവ്യയസമ്പാദ്യ പദ്ധതിയെ പരിപോഷിപ്പിക്കുവാൻ ആർഎഫ് നൽകുന്നതിന് എൻയുഎൽഎം പദ്ധതി പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. അയൽക്കൂട്ടങ്ങളുടെ സാമ്പത്തിക ഇടപാടുകളുടെ നൈപുണ്യം വർദ്ധിപ്പിക്കുന്നതിന് സഹായകരമാകുന്നു. ഇതുവഴി ലിങ്കേജ് വായ്പയുടെ ലഭ്യത എളുപ്പമാക്കി തീർക്കാൻ സാധിക്കുന്നതാണ്.

(10) ആർ.എഫ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഏവ?

നഗരദരിദ്രർ 70% -ൽ അധികമുള്ള അയൽക്കൂട്ടങ്ങൾക്കാണ് ആർ.എഫ് നൽകുന്നത്. മറ്റു പദ്ധതികളുടെ ഭാഗമായി മുമ്പ് ആർ.എഫ് ലഭിച്ചിരിക്കാൻ പാടുള്ളതല്ല. രൂപീകരിച്ച് 3 മാസം കഴിഞ്ഞ അയൽക്കൂട്ടങ്ങൾ വേണം ആർഎഫിന് അപേക്ഷിക്കാൻ. അയൽക്കൂട്ട യോഗങ്ങളിലെ ഹാജർ നില 90% -ൽ അധികമായിരിക്കണം.

(11) എഡിഎസുകൾക്ക് റിവോൾവിംഗ് ഫണ്ടിന് അർഹതയുണ്ടോ?

എൻയുഎൽഎം പദ്ധതിയിൽ എഡിഎസുകൾക്കും റിവോൾവിംഗ് ഫണ്ട് ലഭിക്കുന്നതാണ്. ഈ തുക അയൽക്കൂട്ടങ്ങൾ, ഗ്രൂപ്പ് സംരംഭങ്ങൾ എന്നിവയ്ക്ക് വായ്പയായി നൽകുന്നതാണ്.

(12) ആർ.എഫ് ആയി എത്ര തുക വീതമാണ് ലഭിക്കുന്നത്.

അയൽക്കൂട്ടങ്ങൾക്ക് - 10,000/- രൂപയും എഡിഎസ്സുകൾക്ക് - 50,000/- രൂപയുമാണ് ആർഎഫ് ഇനത്തിൽ ലഭിക്കുന്നത്.

(13) എന്താണ് നഗര ഉപജീവന കേന്ദ്രം?

നഗര ദരിദ്രരുടെ ഉത്പന്നങ്ങളും സേവനങ്ങളും വിപണനം ചെയ്യുന്നതിനുള്ള ഒരു സ്ഥിരം സംവിധാനമാണിത്. നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ ലഭ്യമാക്കുന്ന 1000 ച.അടി വിസ്തീർണമുള്ള ഇടത്താണ് ഉപജീവന കേന്ദ്രം സ്ഥാപിക്കുന്നത്. ഇതിനുവേണ്ടി സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള അപേക്ഷകൾ

കുടുംബശ്രീ വെബ് സൈറ്റിൽ ലഭ്യമാണ്. അപേക്ഷയോടൊപ്പം സ്ഥലം കണ്ടെത്തി അതിന്റെ വിശദാംശങ്ങളും സമർപ്പിക്കണം. ഒരു ഉപജീവന കേന്ദ്രം സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപവരെ ലഭിക്കുന്നതാണ്. തുടർന്ന് ഉപജീവന കേന്ദ്രം സ്വയംപര്യപ്തത കൈവരിക്കേണ്ടതാണ്.

(14) ഉപജീവന കേന്ദ്രത്തിന്റെ നടത്തിപ്പ് എങ്ങനെയാണ്?

നഗരസഭകൾക്ക് നേരിട്ടോ, മറ്റു സന്നദ്ധ സംഘടനകൾ മുഖേനയോ നഗരഉപജീവന കേന്ദ്രങ്ങൾ നടത്താവുന്നതാണ്. ഇത് നടത്തിപ്പിനുവേണ്ടി 2 ഉദ്യോഗസ്ഥരെ നിയമിക്കാവുന്നതാണ്. ഉപജീവന കേന്ദ്രത്തിന് അനുമതി ലഭിച്ചാൽ അതിനുള്ള തുക 3 ഗഡുക്കളായി നഗരസഭയ്ക്ക് ലഭിക്കും. അത് 30%, 40%, 30% എന്നീ ക്രമത്തിലാണ് ലഭിക്കുന്നത്.